4. ഇ.എം.സി-യുടെ നേതൃത്വത്തിൽ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതികളിൽ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നു.

5. എനർജി മാനേജ്മെന്റ് സെന്റർ പൊതുജനങ്ങൾക്കായി അനവധി ബോധവൽക്കരണ പരിപാടികൾ/ശില്പശാലകൾ നടത്തിവരുന്നു. ഇത്തരത്തിലുള്ള ഭൂരിഭാഗം പരിപാടികളിലും എൽ.ഇ.ഡി. ബൾബുകളുടെ ഗുണമേന്മയെക്കുറിച്ച് പരാമർശിക്കാറുണ്ട്. കോവിഡ് കാരണം നേരിട്ട് പരിപാടികൾ നടത്തുവാൻ സാധിക്കാത്ത അവസരത്തിൽ ഇ.എം.സി.-യുടെ ഫേസ്ബുക്ക് പേജിലൂടെ ഒരു വർഷം നീണ്ടുനിന്നിരുന്ന ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന ലൈവ് പ്രോഗ്രാം നടത്തിയിട്ടുണ്ട്. എല്ലാ ബുധനാഴ്ചകളിലുമാണ് ലൈവ് പ്രോഗ്രാം നടത്തിയിരുന്നത്. എല്ലാ പ്രോഗ്രാമുകളിലും എൽ.ഇ.ഡി. ലൈറ്റുകളുടെ ഗുണമേന്മയെക്കുറിച്ച് പറയാറുണ്ട്.

6. കൂടാതെ കേരളം മുഴുവനായി ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എൽ.ഇ.ഡി. ബൾബുകളുടെ ഗുണമേന്മയെക്കുറിച്ചുള്ള വിവരണങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും ആകാശവാണി, എഫ്.എം. റേഡിയോകളിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

നിലാവ് പദ്ധതി

189 (3621) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലാവ് പദ്ധതി പ്രകാരം എത്ര തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴു വർഷം വാറണ്ടിയുള്ളതുമായ പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചുനൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടു ലക്ഷം വിളക്കുകൾ 2021 ജൂൺ 30- ഓടെ സ്ഥാപിച്ചു കഴിഞ്ഞു.

(ബി) നിലാവ് പദ്ധതി നടപ്പാക്കിയതിനുശേഷം എത്ര അളവ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം, നിലാവ് പദ്ധതിയിൽ കേരളത്തിലുടനീളം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ള എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചു നൽകുന്നതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുമെന്നും വൈദ്യുതി ബിൽ ഇനത്തിൽ 80 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്നുമാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഏതൊക്കെ ഏജൻസികൾക്കാണ് ഇതുസംബന്ധിച്ച ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതി നടപ്പാക്കിയതിനുശേഷം എത്ര അളവ് വൈദ്യുതി ഉപഭോഗം കുറഞ്ഞുയെന്ന് കണക്കാക്കേണ്ടത് നിലാവ് പദ്ധതിയുടെ ഭാഗമല്ല. ആയതിനാൽ വിവരം ലഭ്യമല്ല.

(ഡി) പ്രസ്തുത പദ്ധതിയിൽ തെരുവുവിളക്കുകൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന തെരുവുവിളക്കുകൾ നിലാവ് പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

(ഇ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എത്ര തെരുവുവിളക്കുകൾ ഇത്തരത്തിൽ എൽ.ഇ.ഡി.-യിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി 743 തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യിലേക്ക് മാറ്റിയിട്ടുണ്ട്.

എൽ.ഇ.ഡി. ബൾബ് വിതരണം

190 (3622) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് ഫിലമെന്റ് രഹിത കേരള (FFK) പദ്ധതി വഴി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയിൽ സംസ്ഥാനത്തുള്ള മുഴുവൻ ഫിലമെന്റ് ബൾബുകളും മാറ്റി